സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ
പരിശീലന സമിതി (എസ്.സി.ഇ.ആർ.ടി)
വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം 695 012

കേരള സർക്കാർ
പൊതുവിദ്യാഭ്യാസ വകുപ്പ്

# കേരളത്തിലെ പൊതുവിദ്യാലയങ്ങളിലെ ക്ലാസ് മുറികളിലെ ഇരിപ്പിട ക്രമീകരണം

## മാർഗരേഖ

കരട്



# കേരളത്തിലെ പൊതുവിദ്യാലയങ്ങളിലെ ക്ലാസ്മുറികളിലെ ഇരിപ്പിട ക്രമീകരണം - മാർഗരേഖ

കരട്

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT) കേരളം

**2026**

# ആമുഖം

പഠിതാക്കൾ തമ്മിലും അധ്യാപകരും പഠിതാക്കളും തമ്മിലും സ്വാഭാവികമായ ജൈവിക ബന്ധം വളരുന്ന ഇടമാണ് വിദ്യാലയ ആവാസവ്യവസ്ഥ. ഈ ആവാസവ്യവസ്ഥയിലെ പരസ്പര ബന്ധിതമായ ബന്ധങ്ങളിലൂടെ പഠിതാക്കളുടെ വളർച്ചയും വികാസവും പുരോഗമിക്കുന്നു. ഇതിന് ആക്കം കൂട്ടുന്നതിൽ വിദ്യാലയാന്തരീക്ഷത്തിന് നിർണായകപങ്കുണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് നടത്തിയ പ്രവർത്തനങ്ങൾ, കിഫ്ബിയുടെ ഭാഗമായി നിർമിച്ച ബഹുനിലകെട്ടിട സമുച്ചയങ്ങൾ, സാങ്കേതിക വിദ്യയിലധിഷ്ഠിതമായ പഠനത്തിന് സൗകര്യമൊരുക്കുന്ന സ്മാർട്ട് ക്ലാസ്മുറികളും ഡിജിറ്റൽ വിഭവങ്ങളും മറ്റൊരു സംസ്ഥാനത്തിനും കിടപ്പിടിക്കാൻ കഴിയാത്തത്ര ഉന്നതങ്ങളിൽ കേരളത്തിലെ സ്കൂൾ വിദ്യാഭ്യാസ രംഗത്തെ എത്തിച്ചു.

വിദ്യാലയങ്ങൾ അടച്ചുപൂട്ടില്ല എന്ന ദൃഢനിശ്ചയത്തോടെ ബഹുസ്വരതയെ ചേർത്തുപിടിച്ച് തുല്യതയും നീതിയും ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി അനസ്യൂതം കുതിക്കുകയാണ് പൊതുവിദ്യാഭ്യാസ വകുപ്പ്. സ്കൂൾ മാനേജ്മെന്റ് കമ്മിറ്റികൾ, പി.ടി.എ., മാതൃ പി. ടി.എ., സ്കൂൾ സംരക്ഷണ സമിതി തുടങ്ങിയവയുടെ പ്രവർത്തനങ്ങൾക്ക് ശരിയായ ദിശാബോധം നൽകി സ്കൂളും സമൂഹവുമായുള്ള ബന്ധത്തെ ഊട്ടി ഉറപ്പിച്ചു. വിദ്യാർഥി കേന്ദ്രീകൃതമായ പഠനരീതിയും വിദ്യാർഥി സൗഹൃദമായ പഠനാന്തരീക്ഷവും സ്കൂളുകളിൽ ഒരുക്കിയത് വഴി പഠനം പഠിതാക്കളിൽ സന്തോഷം ജനിപ്പിക്കുന്ന പ്രക്രിയയായി ഒരു പരിധിവരെ മാറി. എങ്കിലും ഏതെങ്കിലും തരത്തിലുള്ള വിടവുകൾ വിദ്യാഭ്യാസ പ്രക്രിയയുടെ ജനാധിപത്യ മൂല്യങ്ങൾക്ക് തടസ്സം സൃഷ്ടിക്കുന്നുണ്ടോ എന്ന അന്വേഷണം തുടർന്നു കൊണ്ടിരുന്നു. ഈ അവസരത്തിലാണ് ക്ലാസ് മുറികളിലെ പരമ്പരാഗതമായ ഇരിപ്പിട ക്രമീകരണങ്ങൾ എത്രത്തോളം ജനാധിപത്യപരമാണെന്ന് കണ്ടെത്തേണ്ടതില്ലേ എന്ന ആവശ്യം ഉയർന്നുവന്നത്.

വിദ്യാഭ്യാസം വെറും പാഠ്യ വിഷയങ്ങളുടെ കൈമാറ്റം എന്നതിലുപരിയായി ബാല്യകൗമാരങ്ങളെ ഉത്തരവാദിത്തമുള്ള പൗരരായി വളർത്തുന്ന ഒരു സാമൂഹിക പ്രക്രിയയാണ്. ഈ ദൗത്യത്തെ ഏറ്റവും ഫലപ്രദമായി നിറവേറ്റാൻ കഴിയുന്ന ആശയങ്ങളിൽ ഒന്നാണ് ജനാധിപത്യ ക്ലാസ് മുറികൾ. സ്കൂൾ ക്ലാസ് മുറിയെ ചെറിയൊരു ജനാധിപത്യ സമൂഹമായി കാണുന്ന ഈ സമീപനം പഠിതാക്കളിൽ സ്വാതന്ത്ര്യബോധവും സമത്വവും ഉത്തരവാദിത്വവും സഹവർത്തിത്വവും വളരാൻ സഹായകമാകുന്നു. ഇതിലൂടെ ഉൾച്ചേരലിന്റെയും സാമൂഹ്യനീതിയുടെയും ആശയങ്ങൾ പഠിതാക്കളുടെ മനസ്സിൽ ആഴത്തിൽ പതിയുന്നു.

Apple, M, W, & Beane, S.A. (Eds.) 2007. ജനാധിപത്യ ക്ലാസ് മുറികളെ ഇപ്രകാരം നിർവചിച്ചിരിക്കുന്നു. "പരമ്പരാഗത രീതികൾക്ക് പകരം പഠിതാക്കൾക്ക് തുല്യതയിലധിഷ്ഠിതമായ പങ്കാളിത്തം, സഹപഠിതാക്കളുമായുള്ള ആശയവിനിമയം, സഹവർത്തിത്വപരമായ അവതരണങ്ങൾ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി പുനസജ്ജീകരണം നടത്തിയ ക്ലാസ് മുറികളാണ് ജനാധിപത്യക്ലാസ് മുറികൾ".

കേരളത്തിലെ പൊതുവിദ്യാലയങ്ങളിലെ ക്ലാസ് മുറികളിലുള്ള ഇരിപ്പിടക്രമീകരണത്തിന്റെ നിലവിലെ അവസ്ഥ കണ്ടെത്തി ജനാധിപത്യ ക്ലാസ് മുറികൾ എന്ന ആശയം പ്രാവർത്തികമാക്കുന്നതിന് വിഘാതമായി നിൽക്കുന്ന ഘടകങ്ങൾ ഉണ്ടെങ്കിൽ അവ തിരിച്ചറിഞ്ഞ് മാർഗരേഖ രൂപീകരിക്കുന്നതിനുള്ള ദൗത്യം എസ്. സി. ഇ. ആർ. ടി. യെ ഏൽപ്പിച്ചത് ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി ശ്രീ വി ശിവൻകുട്ടിയുടെ വിദ്യാർഥി സൗഹൃദപരമായ നിലപാടുകളുടെ ഭാഗമായാണ്.

## ഗവേഷണം - നാൾവഴികൾ

- ഗണാത്മകവും ഗുണാത്മകവുമായ ഗവേഷണ രീതികളിലൂടെ 'കേരളത്തിലെ പൊതുവിദ്യാലയങ്ങളിലെ ക്ലാസ് മുറികളിലെ ഇരിപ്പിടക്രമീകരണം: മാർഗരേഖ രൂപീകരിക്കുന്നത് സംബന്ധിച്ച പഠനം' എന്ന വിഷയത്തിൽ ഗവേഷണ പ്രവർത്തനങ്ങൾ ആരംഭിച്ചു. ഇതിനായി നിരീക്ഷണം, സർവേ,അഭിമുഖം എന്നീ ഗവേഷണ ഉപാധികൾ സ്വീകരിച്ചു. ഈ ഉപാധികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനായി നിരീക്ഷണ പത്രിക, ചോദ്യാവലി, അഭിമുഖ ഷെഡ്യൂൾ എന്നീ ഉപകരണങ്ങൾ തയ്യാറാക്കി.

- എസ്.സി.ഇ.ആർ.ടി.യിലെ അഞ്ചംഗ ഗവേഷണ സംഘം തിരുവനന്തപുരം ജില്ലയിലെ തിരഞ്ഞെടുത്ത 8 സ്കൂളുകൾ സന്ദർശിച്ച് നിരീക്ഷണ പത്രിക ഉപയോഗിച്ച് ക്ലാസ്മുറികളിലെ ഇരിപ്പിട സജ്ജീകരണങ്ങൾ സൂക്ഷ്മമായി നിരീക്ഷിക്കുകയും വിവരശേഖരണം നടത്തുകയും ചെയ്തു. ഗവേഷണ സംഘം മുൻകൂട്ടി തയ്യാറാക്കിയ അഭിമുഖ ഷെഡ്യൂൾ ഉപയോഗിച്ച് സന്ദർശനം നടത്തിയ സ്കൂളുകളിലെ പ്രിൻസിപ്പൽ, എച്ച്.എം. എന്നിവരുമായി ഇന്റർവ്യുവിലൂടെ വിവരശേഖരണം നടത്തി. കേരളത്തിലെ വിവിധ ജില്ലകളിലുള്ള പഠിതാക്കൾ, അധ്യാപകർ, രക്ഷിതാക്കൾ എന്നിവരിൽ നിന്നും ഓൺലൈനിലൂടെ പങ്കുവച്ച ചോദ്യാവലിയിലൂടെ വിവരശേഖരണം നടത്തി.

- വിവിധ ഉപാധികളിലൂടെ ശേഖരിച്ച വിവരം വിശകലനം ചെയ്യുന്നതിനായി ജനാധിപത്യ ക്ലാസ്മുറി ഇരിപ്പിട സൂചിക നിർമിച്ചു. പ്രസ്തുത സൂചികയിൽ ഉൾച്ചേർക്കൽ (Inclusiveness), വഴക്കം (flexibility), സൗകര്യവും ശാരീരികസ്ഥിതിയും (comfort and ergonomics), പങ്കാളിത്തവും പാരസ്പര്യവും (Participation and interaction) എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തി. ഗവേഷണ ഉപകരണങ്ങൾക്കനുസരിച്ച് സൂചകങ്ങൾ തയ്യാറാക്കി വിശ്വാസ്യത പരിശോധിച്ചു. തുടർന്ന് നിരീക്ഷണ പത്രികയിലൂടെ ലഭ്യമായ വിവരങ്ങൾക്ക് ചെക്ക് ലിസ്റ്റ് തയ്യാറാക്കി സ്കോർ നൽകി. സൂചകങ്ങൾ തമ്മിലുള്ള സഹബന്ധം കണ്ടെത്തി. ക്ലാസ് മുറികളിലെ പഠിതാക്കളുടെ എണ്ണവും ജനാധിപത്യ ക്ലാസ്മുറി ഇരിപ്പിട ക്രമീകരണവുമായുള്ള സ്വാധീനവും ലീനിയർ റിഗ്രെഷൻ വിശകലനത്തിലൂടെ കണ്ടെത്തി. ഗവേഷണത്തിലൂടെ എത്തിച്ചേർന്ന കണ്ടെത്തലുകൾ ചുവടെ ചേർക്കുന്നു.

## കണ്ടെത്തലുകളും നിർദേശങ്ങളും

### I. നിരീക്ഷണപത്രിക ഉപയോഗിച്ചുള്ള വിശകലനത്തിലൂടെ ലഭ്യമായ കണ്ടെത്തലുകൾ

- എല്ലാ ക്ലാസ് തലങ്ങളിലും കൂടുതൽ ക്ലാസ്മുറികളിലും ബെഞ്ചും ഡെസ്കുമാണ് ഇരിപ്പിടമായി ക്രമീകരിച്ചിരിക്കുന്നതെങ്കിലും എൽ.പി, യു.പി വിഭാഗങ്ങളിലെ ചില ക്ലാസ്മുറികളിൽ കസേരയും അതിൽ എഴുതാൻ സൗകര്യമുള്ള ഇരിപ്പിടവും ക്രമീകരിച്ചിട്ടുണ്ട്.
- സൗകര്യവും ശാരീരികസ്ഥിതിയും (Comfort and Ergonomics) ഘടകത്തിൽ നല്ല പ്രകടനമാണ് മിക്ക ക്ലാസ് മുറികളും കാഴ്ചവയ്ക്കുന്നത്. എല്ലാ പഠിതാക്കൾക്കും സൗകര്യപ്രദമായ ഇരിപ്പിട സംവിധാനം കൂടുതൽ ക്ലാസ് മുറികളിലും ലഭ്യമാണെങ്കിലും, ശരിയായ അകലം പാലിച്ചുള്ള ഇരിപ്പിട ക്രമീകരണവും സ്വതന്ത്രമായി ഇരിക്കാൻ പറ്റുന്ന സംവിധാനവും എല്ലാ ക്ലാസ് മുറികളിലും ഉറപ്പായിട്ടില്ല.
- ഉൾച്ചേർക്കൽ (Inclusiveness) ഘടകത്തിൽ ICT പഠനം എല്ലാവർക്കും ഒരുപോലെ ലഭ്യമാകുന്ന ഇരിപ്പിട ക്രമീകരണം കുറഞ്ഞ ശതമാനം ക്ലാസ് മുറികളിൽ മാത്രമേ ഉള്ളൂ, പ്രത്യേക

പരിഗണന ആവശ്യമുള്ള പഠിതാക്കൾക്ക് അനുയോജ്യമായ ഇരിപ്പിടം 27.8 ശതമാനം ക്ലാസ് മുറികളിൽ മാത്രം പരിമിതപ്പെടുന്നു.

- വഴക്കമുള്ളതെന്ന ഘടകത്തിൽ (flexibility) ഇരിപ്പിടം എളുപ്പത്തിൽ മാറ്റാൻ കഴിയുന്ന ക്രമീകരണവും ഗ്രൂപ്പ് പ്രവർത്തനങ്ങൾക്ക് യോജിച്ച ഇരിപ്പിടവും കുറവാണെന്ന് കാണുന്നു.
- പങ്കാളിത്തവും പാരസ്പര്യവും (Participation and Interaction) ഘടകത്തിൽ അധ്യാപകരെ വ്യക്തമായി കാണാൻ കഴിയുന്ന ഇരിപ്പിടം പകുതിയിലധികം ക്ലാസ് മുറികളിലുണ്ടെങ്കിലും, എല്ലാ പഠിതാക്കൾക്കും പരസ്പരം കാണാൻ കഴിയുന്ന ക്രമീകരണം വെറും വളരെ ചെറിയ ശതമാനം ക്ലാസ് മുറികളിൽ മാത്രമാണ് ഉള്ളത്.
- ഇരിപ്പിടം മാറ്റാനുള്ള സൗകര്യവും എല്ലാ പഠിതാക്കൾക്കും ഒരുപോലെ പഠന അവസരം നൽകുന്ന ക്രമീകരണങ്ങളും പരിമിതമാണ്. ക്ലാസ് മുറികളിൽ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടെങ്കിലും, ജനാധിപത്യ പഠനാന്തരീക്ഷത്തിന് ആവശ്യമായ ഉൾച്ചേർക്കൽ, വഴക്കം, സജീവ പങ്കാളിത്തം എന്നീ ഘടകങ്ങൾ സമഗ്രമായി ഉറപ്പാക്കപ്പെട്ടിട്ടില്ല.
- ഏകദേശം പകുതിയോളം ക്ലാസ് മുറികൾ Low Democratic Classroom Seating Arrangement വിഭാഗത്തിൽപ്പെടുന്നു. ജനാധിപത്യ പഠനാന്തരീക്ഷത്തിന് ആവശ്യമായ സൗകര്യങ്ങൾ പല ക്ലാസ് മുറികളിലും അപര്യാപ്തമാണ്. പകുതിയിൽ താഴെ ക്ലാസ്മുറികൾ Moderately Democratic Classroom Seating Arrangement വിഭാഗത്തിൽ ഉൾപ്പെട്ടിരിക്കുന്നതിലൂടെ ക്ലാസ് മുറികളിൽ ഇടത്തരം പുരോഗതി മാത്രമേ ഉണ്ടായിട്ടുള്ളൂ. ജനാധിപത്യ ക്ലാസ്മുറി ഇരിപ്പിട ക്രമീകരണങ്ങളിൽ ക്ലാസ് മുറികൾക്കിടയിൽ വ്യക്തമായ വ്യത്യാസങ്ങൾ നിലനിൽക്കുന്നു.
- HS, HSS തലങ്ങളിൽ കുറഞ്ഞ ജനാധിപത്യ ക്ലാസ്മുറി ഇരിപ്പിട ക്രമീകരണം വിഭാഗത്തിൽ ഉൾപ്പെടുന്ന ക്ലാസ് മുറികളുടെ ശതമാനം കൂടുതലാണ്. ഇതിലൂടെ, സ്കൂൾ തലങ്ങൾ ഉയരുന്നതിനനുസരിച്ച് ജനാധിപത്യ ക്ലാസ്മുറി ഇരിപ്പിട ക്രമീകരണങ്ങൾ കുറയുന്നു.
- കൂടുതൽ പഠിതാക്കൾ ഉള്ള ക്ലാസ് മുറികളിൽ എല്ലാ പഠിതാക്കൾക്കും തുല്യ അവസരങ്ങൾ ഉറപ്പാക്കാനും, ഇരിപ്പിട ക്രമീകരണം പഠനാവശ്യങ്ങൾക്കനുസരിച്ച് മാറ്റാനും, സജീവ പങ്കാളിത്തം പ്രോത്സാഹിപ്പിക്കാനും കഴിയുന്ന സാഹചര്യം ഗണ്യമായി കുറയുന്നു. പഠിതാക്കളുടെ എണ്ണം വർധിക്കുമ്പോൾ ഓരോ അധിക പഠിതാവും ക്ലാസ് മുറിയിലെ ജനാധിപത്യ സ്വഭാവം കുറയ്ക്കുന്ന ഘടകമായി പ്രവർത്തിക്കുന്നു.
- ബെഞ്ച്, ഡെസ്ക് എന്നിവയ്ക്കുപകരം എഴുത്ത് സൗകര്യമുള്ള കസേരകൾ ഉപയോഗിക്കുന്ന ക്ലാസ് മുറികൾ ജനാധിപത്യ ക്ലാസ്മുറി ഇരിപ്പിട സൂചികയുടെ (DCSI) മിക്ക ഘടകങ്ങളിലും പോസിറ്റീവ് സ്വാധീനം ചെലുത്തുന്നു.
- എഴുത്ത് സൗകര്യമുള്ള കസേരകൾ പഠിതാക്കളുടെ സ്വതന്ത്രമായ ഇരിപ്പ്, ഗ്രൂപ്പ് പ്രവർത്തനങ്ങൾ, സജീവ ഇടപെടലുകൾ എന്നിവയ്ക്ക് സഹായകമാണ്.
- സ്ഥിരതയുള്ള ഇരിപ്പിടങ്ങൾ (Fixed Seats) നീക്കാനോ പുനർക്രമീകരിക്കാനോ കഴിയാത്തതിനാൽ വഴക്കം (Flexibility) ഗണ്യമായി കുറയുന്നു.
- ചലനാത്മകതയുള്ള ഇരിപ്പിടങ്ങൾ (Movable Seats) സീറ്റുകളിൽ ചാരി ഇരിക്കാനുള്ള സൗകര്യം കൂടി ഉള്ളതിനാൽ സ്ഥിരതയുള്ള ഇരിപ്പിടങ്ങളെ അപേക്ഷിച്ചു കൂടുതൽ സൗകര്യപൂർവം പഠിതാക്കൾക്ക് അതിൽ ഇരിക്കാനാവും. സ്ഥിരതയുള്ള ഇരിപ്പിടങ്ങൾ പഠിതാക്കൾക്കും അധ്യാപകർക്കും തമ്മിൽ കാണാനും കേൾക്കാനും തടസ്സമുണ്ടാകുന്നതി

നാൽ പഠനാന്തരീക്ഷം മെച്ചപ്പെടൽ, ഉൾക്കൊള്ളൽ എന്നിവയ്ക്കുള്ള സ്വാധീനം കുറയ്ക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ, ചലനാത്മകതയുള്ള ഇരിപ്പിടങ്ങളുള്ള ക്ലാസുകൾ സ്ഥിരത യുള്ള ഇരിപ്പിടങ്ങൾ ഉള്ള ക്ലാസുകളെക്കാൾ ജനാധിപത്യ ക്ലാസ്മുറി അന്തരീക്ഷം സൃഷ്ടി ക്കുന്നു.

## II. പഠിതാക്കളിൽ നിന്നും സർവേ ഉപയോഗിച്ചുള്ള വിശകലനത്തിലൂടെ ലഭ്യമായ കണ്ടെത്തലുകൾ

- ക്ലാസ്സ് റൂമിലെ ഇരിപ്പിട സൗകര്യങ്ങൾ പഠിതാക്കളുടെ പഠന ഫലപ്രാപ്തി, ആരോഗ്യ സംരക്ഷണം, പങ്കാളിത്തം, ആശയവിനിമയം എന്നിവയിൽ പ്രത്യക്ഷമായും പരോക്ഷ മായും സ്വാധീനം ചെലുത്തുന്നു.
- നിലവിലെ ക്ലാസ് മുറികളിൽ പ്രത്യേക പരിഗണന അർഹിക്കുന്ന പഠിതാക്കൾക്ക് മുൻഗ ണനയും അതുപോലെ തന്നെ ലിംഗ സമത്വവും നിലനിൽക്കുന്നു.
- വായു ലഭ്യത, ആവശ്യത്തിന് വെളിച്ചം സംബന്ധിച്ച ക്രമീകരണങ്ങൾ മികച്ചവയായി വിലയിരുത്തപ്പെട്ടിരിക്കുന്നു. എന്നാൽ ശരിയായ അകലമുള്ള ഇരിപ്പിടം, ശരാശരി സുഖക രമായ ഇരിപ്പിടം, ശുചിത്വം എന്നിവ മെച്ചപ്പെടുത്തേണ്ടതുണ്ട്.
- പഠിതാക്കളുടെ പഠന പങ്കാളിത്തവും ആശയവിനിമയവും ശരാശരി നിലയിൽ കാണ പ്പെടുന്നു. ക്ലാസ്സ് റൂമിലെ ഇരിപ്പിട ക്രമീകരണങ്ങളിൽ വായു, വെളിച്ചം എന്നിവ മികച്ച നിലയിൽ നിലനിൽക്കുന്നു, എന്നാൽ ശരിയായ അകലമുള്ള ഇരിപ്പിട സൗകര്യം, ഗ്രൂപ്പ് പ്രവർത്തന സൗകര്യം, വ്യക്തിഗത പരിഗണന എന്നിവ മെച്ചപ്പെടുത്തേണ്ടതുണ്ട്.

## III. സ്കൂൾ മേധാവികളുമായുള്ള അഭിമുഖത്തിന്റെ കണ്ടെത്തലുകൾ

- ബെഞ്ചും ഡെസ്കുമാണ് കൂടുതലായി സജ്ജീകരിച്ചിരിക്കുന്നതെങ്കിലും പ്രൈമറി തലങ്ങ ളിൽ കസേരയും എഴുതാനുള്ള പ്രതലവും ചേർന്ന ഇരിപ്പിടമാണ് ഏർപ്പെടുത്തിയിട്ടുള്ളത്.
- തടികൊണ്ട് നിർമിച്ച ഇരിപ്പിടമാണ് കൂടുതലായും ക്ലാസ് മുറികളിൽ ഉള്ളതെങ്കിലും തടിയും ഇരുമ്പും, പ്ലാസ്റ്റിക്കും ഇരുമ്പും കൊണ്ട് നിർമിച്ച ഇരിപ്പിടങ്ങളും സജ്ജീകരിച്ചി ട്ടുണ്ട്.
- കൂടുതൽ ക്ലാസ് മുറികളിലും നിരകളായാണ് ഇരിപ്പിടം ക്രമീകരിച്ചിട്ടുള്ളത്.
- ദിവസേന, ആഴ്ചയിൽ, രണ്ടാഴ്ചയിൽ, ഒരു മാസത്തിൽ എന്നിങ്ങനെ ഇടവേളകളിൽ ഇരി പ്പിടം മാറാറുണ്ട്
- ഇരിപ്പിടം മാറുമ്പോൾ ഉയരം കുറഞ്ഞവർ അവസാനത്തെ നിരകളിലെത്തുമ്പോൾ ബുദ്ധിമുട്ടുണ്ടാക്കുന്നു.
- എല്ലാ പഠിതാക്കൾക്കും ഇരിപ്പിടം ലഭ്യമാണെങ്കിലും സ്ഥലപരിമിതിയുള്ള ക്ലാസ് മുറിക ളിൽ അടുത്തടുത്ത് ഇരിക്കുന്നത് ബുദ്ധിമുട്ടുണ്ടാക്കുന്നു.
- നിലവിലെ ഇരിപ്പിട ക്രമീകരണം ഗ്രൂപ്പ് പ്രവർത്തനങ്ങൾക്ക് ഫലപ്രദമല്ല.
- പ്രത്യേക പരിഗണന ആവശ്യമുള്ള പഠിതാക്കൾക്ക് ക്ലാസ് മുറികളിൽ പഠന പ്രവർത്തന ങ്ങൾക്കായി പ്രത്യേക സജ്ജീകരണം ഏർപ്പെടുത്തിയിട്ടില്ല.

## I. ഇരിപ്പിട ക്രമീകരണത്തിനുള്ള നിർദേശങ്ങൾ

പഠിതാക്കൾ സ്ഥിരമായി ഒരിടത്ത് ഇരിക്കേണ്ട ആവശ്യമില്ലാത്ത ജ്ഞാനനിർമിതി ക്ലാസ്റൂമിനെയാണ് വിഭാവന ചെയ്യേണ്ടത്. ഓരോ പഠിതാവിന്റെയും അന്വേഷണശേഷി, ചിന്ത, കൂട്ടായ പ്രവർത്തനം, കണ്ടെത്തൽ എന്നിവ പിന്തുണയ്ക്കുന്ന വഴക്കമുള്ള പഠനാന്തരീക്ഷം (flexible learning environment) ആണ് പ്രധാനം. ഇതിൽ ചലനസ്വാതന്ത്ര്യം (mobility), സ്വയം കണ്ടെത്തൽ (self-exploration), കൂട്ടായ പഠനം (collaborative learning), നിർമാണാത്മക പ്രവർത്തനം (constructive activity) എന്നിവയ്ക്കായി സ്ഥലങ്ങളും ഇരിപ്പിടങ്ങളും ക്രമീകരിക്കണം.


- കേരളത്തിൽ 20 പഠിതാക്കൾ വരെയുള്ള ക്ലാസുകളിൽ U ആകൃതിയിലോ അർധവൃത്താകാരത്തിലോ ഇരിപ്പിടങ്ങൾ ക്രമീകരിക്കാവുന്നതാണ്. നീണ്ട നിരകളായി ഇരിക്കുന്നതിനു പകരം, 4 മുതൽ 6 പഠിതാക്കളെ ഉൾപ്പെടുത്തി ചെറിയ ഗ്രൂപ്പുകളായി മേശകളും കസേരകളും ക്രമീകരിക്കുക. 'U' രൂപം, 'H' രൂപം, അല്ലെങ്കിൽ വൃത്താകൃതിയിലുള്ള ഗ്രൂപ്പുകൾ എന്നിങ്ങനെ വിവിധ രീതിയിൽ ഇത് ക്രമീകരിക്കണം. ഈ ക്രമീകരണം പഠിതാക്കൾക്ക് പരസ്പരം ആശയവിനിമയം ചെയ്യാനും സംശയങ്ങൾ ദൂരീകരിക്കാനും സഹകരണാത്മകമായ പ്രവർത്തനങ്ങളിൽ ഏർപ്പെടാനും കൂടുതൽ അവസരം നൽകും.
- എളുപ്പത്തിൽ നീക്കാനാവുന്നതും ഭാരം കുറഞ്ഞതുമായ മേശകളും കസേരകളും ഉപയോഗിക്കുന്നതിലൂടെ പഠന വിഷയത്തിന്റെ സ്വഭാവമനുസരിച്ച് ക്ലാസ് ക്രമീകരണത്തിൽ പെട്ടെന്ന് മാറ്റങ്ങൾ വരുത്താൻ സാധിക്കും.
- എല്ലാ പഠിതാക്കൾക്കും പരസ്പരം കാണാൻ കഴിയുന്ന തരത്തിലുള്ള ഇരിപ്പിടങ്ങൾ സജ്ജീകരിക്കാനുള്ള സൗകര്യം ഒരുക്കണം. ഫലപ്രദമായ രീതിയിൽ ഉൾച്ചേർന്ന വിദ്യാഭ്യാസത്തിന്റെ സാധ്യതകൾ പ്രാവർത്തികമാക്കണം.
- കൂടുതൽ പഠിതാക്കൾ വരുന്ന ഹയർ സെക്കൻഡറി ക്ലാസുകൾ, എല്ലാ പഠിതാക്കൾക്കും ടീച്ചറെ കാണാനും പരസ്പരം സംവദിക്കാനും സാധിക്കുന്ന രീതിയിൽ ഇരിപ്പിട ക്രമീകരണം പരിഗണിക്കാവുന്നതാണ്.
- ക്ലാസ് റൂം ക്രമീകരണത്തിൽ ദീർഘകാലാടിസ്ഥാനത്തിൽ കൊണ്ടുവരേണ്ട ഒരു സുപ്രധാന മാറ്റമാണ് വിഷയാധിഷ്ഠിത ക്ലാസ് റൂം (Subject-Specific Classroom) സംവിധാനം. സ്ഥിരമായി ഒരു ക്ലാസ് മുറി ഒരു ബാച്ചിന് അനുവദിക്കുന്ന പരമ്പരാഗത രീതിക്ക് പകരം, ഓരോ വിഷയത്തിനും അനുയോജ്യമായ പഠനാന്തരീക്ഷം ഒരുക്കുന്ന മുറികളായി സ്കൂളിലെ ക്ലാസ് മുറികളെ മാറ്റണം. പഠിതാക്കൾ സ്ഥിരമായി ഒരു ക്ലാസിൽ ഇരിക്കുന്നതിനുപകരം വിഷയത്തിനനുസരിച്ചുള്ള ക്ലാസുകളിൽ പഠിക്കുന്നതിനായി ക്ലാസുകൾ മാറി മാറി ഇരിക്കുന്നത് പരിഗണിക്കണം.
- ഓരോ വിഷയത്തിനും ആവശ്യമുള്ള പഠനോപകരണങ്ങൾ, സാങ്കേതികവിദ്യ, ഇരിപ്പിട ക്രമീകരണങ്ങൾ എന്നിവ വിഷയ മുറിയിൽ സ്ഥിരമായി സജ്ജീകരിക്കാൻ ഈ സംവിധാനം സഹായിക്കും. ശാസ്ത്ര വിഷയങ്ങൾക്കായി, ഉപകരണങ്ങളും മറ്റ് സംവിധാനങ്ങളും കൈകാര്യം ചെയ്യാൻ സൗകര്യപ്രദമായ ഗ്രൂപ്പ് ടേബിളുകൾ (4-6 പേർക്ക് ഒരു യൂണിറ്റ്) ഈ മുറികളിൽ ക്രമീകരിക്കാം. ഭാഷാ പഠനത്തിനായി, സംഭാഷണത്തിനും ചർച്ചകൾക്കും പ്രാധാന്യം നൽകുന്ന 'U' ആകൃതിയിലുള്ള ക്രമീകരണങ്ങളും, ശ്രവണ-സംസാര പരിശീലനത്തിനുള്ള സൗകര്യങ്ങളും ഈ മുറികളിൽ സജ്ജമാക്കാം. സാമൂഹ്യശാസ്ത്രത്തിനായി മാപ്പുകൾ, ചാർട്ടുകൾ, വിവിധ പ്രൊജക്റ്റ് ബോർഡുകൾ എന്നിവ പ്രദർശിപ്പിക്കാൻ സൗകര്യമുള്ള,

ചർച്ചകൾക്ക് ഊന്നൽ നൽകുന്ന വൃത്താകൃതിയിലുള്ള ഇരിപ്പിട ക്രമീകരണങ്ങൾ നൽകാം.

- ഓരോ ക്ലാസ് റൂമും ആ വിഷയത്തിന്റെ 'പഠന ലാബ്' എന്ന നിലയിൽ പ്രവർത്തിക്കുന്നതോടെ, പഠിതാക്കൾക്ക് ക്ലാസുകൾ മാറുമ്പോൾ തന്നെ ഒരു വിഷയത്തിൽ നിന്ന് മറ്റൊരു വിഷയത്തിലേക്കുള്ള മാനസികമായ മാറ്റം എളുപ്പമാകും. ഇത് പഠനോപകരണങ്ങൾ എടുക്കാനും വയ്ക്കാനുമുള്ള സമയനഷ്ടം കുറയ്ക്കുകയും ചെയ്യും.
- ഡിജിറ്റൽ ക്ലാസ് റൂമുകളിൽ ഇരിപ്പിട ക്രമീകരണം സാങ്കേതികവിദ്യയുടെ ഫലപ്രദമായ ഉപയോഗത്തിന് ഉതകുന്ന രീതിയിലായിരിക്കണം. ഡിജിറ്റൽ ടൂളുകൾ ഉപയോഗിക്കുമ്പോൾ പോലും ചർച്ചകൾക്കും പ്രതികരണങ്ങൾക്കും എളുപ്പമാകുന്ന 'U' ആകൃതിക്ക് മുൻഗണന നൽകണം.
- ഡിജിറ്റൽ ബോർഡിലേക്കോ പ്രൊജക്ഷൻ സ്ക്രീനിലേക്കോ എല്ലാ പഠിതാക്കൾക്കും തടസ്സമില്ലാതെ കാഴ്ച ഉറപ്പാക്കണം. ഇതിനുതകുന്നരീതിയിൽ ഇരിപ്പിടങ്ങൾ ക്രമീകരിക്കണം.
- വൈദ്യുതി വിതരണത്തിനും ഇന്റർനെറ്റ് കണക്ടിവിറ്റിക്കും അനുയോജ്യമായ രീതിയിൽ, വൈദ്യുത കമ്പികൾ ക്ലാസ് മുറിയിൽ അലങ്കോലപ്പെടാതെ ക്രമീകരിക്കാൻ സാധിക്കുന്ന മേശകളും കസേരകളും ഉപയോഗിക്കണം.
- പാരമ്പര്യമായ 'ഇരുന്ന് കേൾക്കുന്ന' രീതിയിൽ നിന്ന് മാറി, നിന്നും, നടന്നുകൊണ്ടും, പ്രവർത്തിച്ചുകൊണ്ടും പഠിക്കുന്ന നൂതന പഠനരീതികളെ പിന്തുണയ്ക്കുന്ന ഇരിപ്പിട ക്രമീകരണമാണ് വേണ്ടത്. ഇതിൽ ജ്ഞാനനിർമിതി ക്ലാസ് മുറിക്കുവേണ്ടിയും (അറിവ് സ്വയം നിർമിക്കുന്നയിടം), പ്രവർത്തനാധിഷ്ഠിത ക്ലാസ് മുറിക്കുവേണ്ടിയുമുള്ള (പ്രവർത്തിച്ച് പഠിക്കുന്നയിടം) ഇരിപ്പിട ക്രമീകരണങ്ങളാണ് കാലഘട്ടത്തിന് അനിവാര്യം.
- HS, HSS തലങ്ങളിൽ ജനാധിപത്യ പഠനാന്തരീക്ഷം ശക്തിപ്പെടുത്തുന്നതിനായി ഇരിപ്പിട സൗകര്യങ്ങളിൽ ഘടനാപരമായ ഇടപെടലുകൾ ആവശ്യമാണ്.
- ക്ലാസ് മുറികളിൽ ലോക്കർ സംവിധാനങ്ങൾ വേണം.

ക്ലാസ് മുറികളിൽ ഇരിപ്പിടത്തിനായി സജ്ജീകരിക്കാവുന്ന ചില മാതൃകകൾ ചുവടെ ചേർക്കുന്നു.


### 1 U-ആകൃതിയിലുള്ള ഇരിപ്പിട ക്രമീകരണം




പ്രീ-പ്രൈമറി, പ്രൈമറിതലത്തിൽ പഠിതാക്കൾക്ക് അനുയോജ്യമായ ജ്ഞാനനിർമിതി ക്ലാസ് മുറിയിൽ വ്യത്യസ്ത രീതിയിലുള്ള ഇരിപ്പിട ക്രമീകരണങ്ങളാകാം. U ആകൃതിയിലുള്ള (കുതിരലാടത്തിന്റെ ആകൃതിയിലുള്ള) ഇരിപ്പിട ക്രമീകരണം ടീച്ചർക്ക് പഠിതാക്കളുമായി നേർസമ്പർക്കം സാധ്യമാക്കുന്നു. കഥപറച്ചിൽ, പഠിതാവുമായുള്ള സംവാദങ്ങൾ, ലളിതമായ പ്രകടനങ്ങൾ എന്നിവയ്ക്ക് ഈ രീതി വളരെ ഉചിതമാണ്. പ്രീ-പ്രൈമറി, പ്രൈമറിതലത്തിൽ 4-5 പഠിതാക്കൾ ചേരുന്ന ചെറിയ പഠനക്കൂട്ടങ്ങൾ (ഗ്രൂപ്പുകൾ) രൂപീകരിക്കുന്നു. കൂട്ടായി ആശയങ്ങൾ മെനഞ്ഞെടുക്കാനും പഠനോപകരണങ്ങൾ പങ്കുവെയ്ക്കാനും എളുപ്പമാണ് എന്നതി


ലുപരി, പരസ്പര സഹായത്തിലൂടെയുള്ള പഠനം ഉറപ്പാക്കുന്നു. ക്ലാസ് മുറിയുടെ ഒരു ഭാഗം തറയിൽ പായ വിരിച്ച് പഠിതാക്കൾക്ക് നിലത്തിരുന്ന് ചെയ്യുന്ന ഗ്രൂപ്പ് പ്രവർത്തനങ്ങൾക്കായി മാറ്റിവയ്ക്കുന്നു. മറുഭാഗം മേശകൾ ഉപയോഗിച്ച് ചിത്രരചന, കരകൗശല പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്നു. ഇതിലൂടെ ഇരിപ്പിടത്തിലെ വിരസത ഒഴിവാക്കാനാകും. ഇതുകൂടാതെ, പ്രൈമറിതലത്തിൽ പഠനമൂലകൾ (Learning Corners) സജ്ജീകരിക്കണം. ഭാഷ, ഗണിതം, കല, കളി എന്നിവയ്ക്കായി പ്രത്യേക പഠനമൂലകൾ തയ്യാറാക്കണം. പഠിതാക്കൾക്ക് സ്വന്തം ഇഷ്ടമനുസരിച്ച് ഈ പഠനമേഖലകൾ മാറി മാറി പ്രവർത്തിക്കാനുള്ള അവസരം ഇതിലൂടെ ലഭിക്കുന്നു.


## 2. പെയർ ഷെയറിംഗ് ഇരിപ്പിട ക്രമീകരണം



പ്രൈമറിതലത്തിൽ പ്രവർത്തനാധിഷ്ഠിത ക്ലാസ് മുറിയിൽ നിന്നും, നടന്നും പഠിക്കുന്ന രീതികൾക്ക് പ്രാധാന്യം നൽകണം. വായന, ഗണിതം, ശാസ്ത്രം, പസിൽ, ആർട്ട് എന്നിങ്ങനെ 4–5 പ്രവർത്തനകേന്ദ്രങ്ങൾ ഒരുക്കുന്നു. പഠിതാക്കൾ നിശ്ചിത സമയം ഓരോ കേന്ദ്രത്തിലും പ്രവർത്തിച്ച ശേഷം അടുത്ത സ്റ്റേഷനിലേക്ക് ചലിച്ചു പഠിക്കുന്നു. ക്ലാസ് മുറിയിൽ സജ്ജീകരിച്ച ചെറിയ വഴികളിലൂടെ നടന്ന്, കൂട്ടുകാരുമായി ആശയങ്ങൾ പങ്കിട്ട് സംവദിക്കുന്നു. ഇത് ആശയവിനിമയ ശേഷി വർധിപ്പിക്കുന്നു. പഠിക്കുന്ന കഥയിലെ രംഗങ്ങൾക്കനുസരിച്ച് പഠിതാക്കൾ നടന്ന് പോവുകയും അഭിനയിക്കുകയും ചെയ്യുന്നു. ഇത് കഥാപാത്രങ്ങളോടും കഥാസന്ദർഭങ്ങളോടും കൂടുതൽ അടുപ്പമുണ്ടാക്കുന്നു. പായ വിരിച്ച് വട്ടത്തിൽ (Carpet Circle) ഇരിക്കുന്ന/നിൽക്കുന്ന ലളിതമായ ക്രമീകരണം പാട്ടുപാടി കളിക്കുന്നതിന് ഉപയോഗിക്കാം.


## 3. സ്റ്റേഡിയം സീറ്റിംഗ് ക്രമീകരണം






അപ്പർ പ്രൈമറിതലത്തിൽ കൂട്ടായ പഠനത്തിന് സഹായിക്കുന്ന ഇരിപ്പിടക്രമീകരണങ്ങൾ ഉപയോഗിക്കണം. 4–6 പേർക്ക് ഒരുമിച്ചിരുന്ന് പഠിക്കാനായിട്ടുള്ള ഈ സജ്ജീകരണം പ്രശ്ന പരിഹാരം, ചർച്ചകൾ, സങ്കീർണ്ണമായ പ്രവർത്തനങ്ങൾ എന്നിവ എളുപ്പത്തിൽ കൈകാര്യം ചെയ്യാൻ സഹായിക്കുന്നു. ക്ലാസ് മുറിയിലെ ഇരിപ്പിടങ്ങൾ വരിയായി ക്രമീകരിക്കുന്നതിനു പകരം, ഒരു മത്സ്യത്തിന്റെ മുള്ളുകൾ പോലെ ബോർഡിന് അഭിമുഖമായി ഇരുവശങ്ങളിലേക്കും ചരിച്ചുവയ്ക്കുന്ന ഇരിപ്പിടം ഇവിടെയും ഒരുക്കുക. ഇതിലൂടെ ടീച്ചറെയും ബോർഡിനെയും എല്ലാ പഠിതാക്കൾക്കും വ്യക്തമായി കാണാൻ സാധിക്കുന്നു. പഠിതാക്കൾ തനിയെ ചിന്തിക്കാനും കൂട്ടുകാരുമായി ചേർന്ന് ചർച്ച ചെയ്യാനും, ശേഷം വലിയ ഗ്രൂപ്പിൽ ആശയങ്ങൾ പങ്കുവയ്ക്കാനും സൗകര്യപ്രദമായ ഇടങ്ങൾ ഒരുക്കുന്നു. വായന പ്രവർത്തനങ്ങൾക്കായി കസേരകളും തറയിൽ വിരിച്ച പായകളും ചേർന്ന സമ്മിശ്ര ഇരിപ്പിടം ഉപയോഗിക്കാം.

## 4. കോമ്പിനേഷൻ ലേഔട്ട് ഇരിപ്പിട ക്രമീകരണം




അപ്പർ പ്രൈമറിതലത്തിൽ പ്രോജക്ട് അധിഷ്ഠിത പഠനത്തിന് അനുയോജ്യമായ ഇരിപ്പിട സജ്ജീകരണങ്ങളാണ് പ്രധാനമായും വേണ്ടത്. ശാസ്ത്ര-ഗണിത വിഷയങ്ങളിലെ പ്രോജക്ടുകളും പരീക്ഷണങ്ങളും ചെയ്യാൻ ലാബ് മാതൃകയിൽ ക്രമീകരിച്ച മേശകൾ ഉപയോഗിക്കാം. വിവരശേഖരണം, പരീക്ഷണമൂലകൾ, പോസ്റ്റർ നിർമാണം, ലാപ്ടോപ്പ്/ടാബ്‌ലെറ്റ് ഉപയോഗിച്ചുള്ള പഠനം എന്നിങ്ങനെ വിവിധ പഠന പ്രവർത്തനങ്ങൾക്കായി വിവിധ കേന്ദ്രങ്ങൾ ഒരുക്കുന്നു. പഠിതാക്കൾ മാറി മാറി വിവിധ പഠനരീതികളിലൂടെ കടന്നുപോകുന്നു. അപ്പർ പ്രൈമറിതലത്തിലും നിന്നുകൊണ്ട് പ്രവർത്തനങ്ങൾ ചെയ്യാനോ എഴുതാനോ പറ്റുന്ന ഉയരമുള്ള മേശകൾ ഉപയോഗിക്കുന്നത് കൂടുതൽ സൃഷ്ടിപരമായ പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ അവസരം നൽകുന്നു. പദസമ്പത്ത്, ഗണിതപ്പസിൽ തുടങ്ങിയ വിഷയങ്ങൾ ഉൾപ്പെടുത്തി ചലന വളയങ്ങൾ (Movement Loops) ക്ലാസ് മുറിയിൽ ഉണ്ടാക്കുന്നത് കായിക ചലനത്തിലൂടെയുള്ള പഠനത്തിന് സഹായിക്കും.

## 5. വൃത്താകൃതിയിലുള്ളതോ അർധവൃത്താകൃതിയിലുള്ളതോ ആയ ഇരിപ്പിട ക്രമീകരണങ്ങൾ




സെക്കൻഡറി, ഹയർ സെക്കൻഡറി തലങ്ങളിൽ ഉന്നതതല സംവാദങ്ങൾക്കും ചർച്ചകൾക്കും പ്രാധാന്യം നൽകുന്ന ക്ലാസ് മുറി ക്രമീകരണങ്ങളാണ് ആവശ്യം. പഠിതാക്കൾ വട്ടത്തിൽ ഇരുന്ന്, ടീച്ചറുടെ സഹായത്തോടെ വാദപ്രതിവാദങ്ങളും, തുറന്ന ചർച്ചകളും (Open-ended questioning) നടത്തുന്നു. ആഴത്തിലുള്ള പഠനത്തിനും വിമർശനാത്മക ചിന്തയ്ക്കും ഇത് ഏറ്റവും അനുയോജ്യമാണ്. ഈ ഘട്ടത്തിലും ഇരിപ്പിടങ്ങൾ പരമ്പരാഗത രീതിയിൽ നിന്ന് മാറ്റി, ഒരു മീനിന്റെ അസ്ഥികൂടം പോലെ ചെരിഞ്ഞ വരികളായി ക്രമീകരിക്കുന്നത് മുഖാമുഖമുള്ള ചെറുകൂട്ട ചർച്ചകൾക്ക് സൗകര്യപ്രദമാണ്.


### 6. കോൺഫറൻസ് ശൈലിയിലുള്ള ഇരിപ്പിട ക്രമീകരണം



ഒരു ബോർഡ് റൂം സജ്ജീകരണത്തിന് സമാനമായി, എല്ലാ പഠിതാക്കളും അകത്തേക്ക് അഭിമുഖീകരിക്കുന്ന തരത്തിൽ, കോൺഫറൻസ് ശൈലിയിലുള്ള ഇരിപ്പിടങ്ങൾ ഒരു വലിയ ദീർഘചതുരത്തിലോ ഓവലിലോ ഡെസ്കുകളോ മേശകളോ ക്രമീകരിക്കുന്നു. അധ്യാപക ആധിപത്യം കുറയ്ക്കുന്നതിലൂടെ ഈ ക്രമീകരണം സമപ്രായക്കാരുടെ ചർച്ച, തുല്യ പങ്കാളിത്തം, നേതൃത്വ വികസനം എന്നിവ വളർത്തുന്നു. ഉയർന്ന തലത്തിലുള്ള സംഭാഷണം, സാഹിത്യ വിശകലനം അല്ലെങ്കിൽ പഠിതാക്കൾ നയിക്കുന്ന അവതരണങ്ങൾ എന്നിവയ്ക്ക് ഇത് അനുയോജ്യമാണ്. എന്നിരുന്നാലും, ഇത് മുൻവശത്തുള്ള ദൃശ്യങ്ങളുടെ ദൃശ്യപരത കുറയ്ക്കുന്നു, പക്വതയുള്ളതും ബഹുമാനപൂർണ്ണവുമായ സംഭാഷണവും ഉയർന്ന തലത്തിലുള്ള ചർച്ചകളും വളർത്തുന്നു. സഹകരണ ആസൂത്രണം, ബ്രയിൻസ്റ്റോമിംഗ്, സംവാദം എന്നിവയ്ക്ക് അനുയോജ്യം. സമത്വത്തിന്റെയും ഉൾക്കൊള്ളലിന്റെയും അവബോധം പ്രോത്സാഹിപ്പിക്കുന്നു. ഹയർ സെക്കൻഡറി തലത്തിലുള്ള കോഴ്സുകൾ, സെമിനാറുകൾ, നേതൃത്വ പരിശീലനം, സാഹിത്യം, ചരിത്രം തത്ത്വചിന്ത പോലുള്ള വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് ഈ ഇരിപ്പിട ക്രമീകരണം അനുയോജ്യമാണ്.


### 7. ഇരട്ട യു-ആകൃതിയിലുള്ള ഇരിപ്പിട ക്രമീകരണം





ഇരട്ട യു-ആകൃതിയിലുള്ള ലേഔട്ടിൽ രണ്ട് വളഞ്ഞ ഡെസ്ക് രൂപീകരണങ്ങൾ ഉൾപ്പെടുന്നു, ഒന്നിനുള്ളിൽ മറ്റൊന്ന് അല്ലെങ്കിൽ ഒരു കേന്ദ്ര ഇടനാഴിക്ക് സമാന്തരമായി സ്ഥാപിച്ചിരിക്കുന്നു. ചലനത്തിനോ അവതരണത്തിനോ വേണ്ടി ഒരു തുറന്ന കേന്ദ്രം നിലനിർത്തിക്കൊണ്ട് കൂടുതൽ പഠിതാക്കളെ ചർച്ചകളിൽ പങ്കെടുക്കാൻ അനുവദിക്കുന്നതിലൂടെ ഇത് പരമ്പരാഗത യു-ആകൃതിയിൽ വികസിക്കുന്നു. സംവേദനാത്മക സംഭാഷണത്തിലൂടെ മുഴുവൻ ഗ്രൂപ്പ് നിർദേശങ്ങളും സന്തുലിതമാക്കുന്ന ക്ലാസ് മുറികൾക്ക് ഈ സജ്ജീകരണം നല്ലതാണ്. ഇത് വിഷ്വൽ ഫോക്കസും ഇന്ററാക്റ്റിവിറ്റിയും സംയോജിപ്പിച്ച് പഠിതാക്കൾക്ക് ദൃശ്യപരതയും പ്രാപ്യതയും ലഭ്യമാക്കുന്നുണ്ടെങ്കിലും ഇതിന് വിശാലമായ സ്ഥലവും ശ്രദ്ധാപൂർവമായ ആസൂത്രണവും ആവശ്യമാണ്. ഈ ക്രമീകരണത്തിൽ വലിയ ഗ്രൂപ്പ് ചർച്ച പ്രാപ്തമാക്കുന്നു. ടീച്ചറിന് മധ്യഭാഗത്തിലൂടെ സഞ്ചരിക്കാൻ സാധിക്കുന്നു. പ്രൈമറി മുതൽ ഹയർസെക്കൻഡറി വരെയുള്ള ക്ലാസുകളിലെ ചർച്ചകൾ, പങ്കിട്ട അവതരണങ്ങൾ, അധ്യാപകരുടെ നിർദേശങ്ങൾ എന്നിവയ്ക്ക് അനുയോജ്യമാണ്. 30-ൽ താഴെ പഠിതാക്കളുള്ള ക്ലാസ് മുറികൾക്ക് ഏറ്റവും അനുയോജ്യമായ ഇരിപ്പിട ക്രമീകരണമാണിത്.

### 8. പരസ്പരം അഭിമുഖീകരിക്കുന്ന സമാന്തര വരികൾ



ഈ ലേഔട്ടിൽ രണ്ട് നീണ്ട നിര ഡെസ്കുകളോ മേശകളോ പരസ്പരം അഭിമുഖീകരിക്കുന്ന തരത്തിൽ സജ്ജീകരിച്ചിരിക്കുന്നു, ഇത് മധ്യഭാഗത്ത് ഒരു വ്യക്തമായ ഇടനാഴി സൃഷ്ടിക്കുന്നു. ഇത് പഠിതാക്കൾക്കിടയിൽ നേരിട്ടുള്ള ഇടപെടൽ വളർത്തുന്നു, സംവാദങ്ങൾക്കും റോൾ പ്ലേയിംഗിനും ഭാഷാ പരിശീലനത്തിനും അനുയോജ്യമാണിത്. ടീച്ചർക്ക് വരികൾക്കിടയിൽ നടന്ന് ചർച്ചകൾ മോണിറ്റർ ചെയ്യാൻ കഴിയും. ഈ ക്രമീകരണം പഠിതാക്കളുടെ ഇടപഴകലും നേത്ര സമ്പർക്കവും കൂട്ടുന്നു. എന്നാൽ പഠിതാക്കളുടെ ശ്രദ്ധ വ്യതിചലിക്കുകയും ക്രമീകരണങ്ങളില്ലാതെ ബോർഡിലേക്കുള്ള കാഴ്ച കൂടുതൽ ബുദ്ധിമുട്ടാക്കുകയും ചെയ്യുന്നു. അപ്പർ പ്രൈമറി മുതൽ ഹയർസെക്കൻഡറി വരെയുള്ള ക്ലാസുകളിലെ ഭാഷാ കലകൾ, സാമൂഹ്യശാസ്ത്രം തുടങ്ങിയ വിഷയങ്ങളിലെ സംവാദങ്ങൾ, അവതരണങ്ങൾ എന്നിവയ്ക്ക് ഈ ക്രമം അനുയോജ്യമാണ്.

## II വിവിധ വിഷയങ്ങൾക്കായുള്ള ക്ലാസ് റൂം ഇരിപ്പിട ക്രമീകരണങ്ങൾ

വിഷയത്തിന്റെ സ്വഭാവം, പഠനലക്ഷ്യം, പഠിതാക്കളുടെ എണ്ണം എന്നിവ അനുസരിച്ച് ക്ലാസ് റൂമിലെ ഇരിപ്പിട ക്രമീകരണം മാറ്റുന്നത് പഠനം കൂടുതൽ ഫലപ്രദമാക്കാൻ സഹായിക്കും.

- ഡെസ്ക്കുകളും കസേരകളും ഒന്നിനുപിറകെ ഒന്നായി വരിയായി ക്രമീകരിക്കുന്നു. എല്ലാവരും ടീച്ചറെ അഭിമുഖീകരിക്കുന്നു. ടീച്ചർ നേരിട്ട് നിർദേശങ്ങൾ നൽകേണ്ട പ്രഭാഷണ രീതികൾക്കും (Lectures) പരീക്ഷകൾക്കും ഈ രീതി ഉചിതമാണ്. ഗണിതം, ശാസ്ത്രം തുടങ്ങിയ വിഷയങ്ങളിലെ അടിസ്ഥാന ക്ലാസ്സുകൾക്ക് ഇത് ഉപയോഗിക്കാം. പഠിതാക്കൾ തമ്മിലുള്ള ശ്രദ്ധാ വ്യതിചലനം കുറയ്ക്കാൻ ഈ ക്രമീകരണം സഹായിക്കും.

- ഡെസ്ക്കുകൾ ഒരു 'U' അല്ലെങ്കിൽ അർധവൃത്തം പോലെ ക്രമീകരിക്കുന്നതിലൂടെ ക്ലാസ്സിലെ എല്ലാ പഠിതാക്കൾക്കും പരസ്പരം കാണാനും ടീച്ചറെ എളുപ്പത്തിൽ ശ്രദ്ധിക്കാനും സാധിക്കുന്നു. ഭാഷാ പഠനം, സോഷ്യൽ സയൻസ് തുടങ്ങിയ വിഷയങ്ങൾക്കാണ് ഇത് ഏറ്റവും അനുയോജ്യം. ടീച്ചറുടെ ശ്രദ്ധ എല്ലാ പഠിതാക്കളിലേക്കും ഒരുപോലെ എത്താനും, മുൻനിര-പിൻനിര എന്ന വേർതിരിവ് ഇല്ലാതാക്കാനും ഇത് സഹായിക്കുന്നു.

- മൂന്നോ നാലോ പഠിതാക്കൾക്ക് ഒരുമിച്ച് ഇരിക്കാൻ കഴിയുന്ന രീതിയിൽ ഡെസ്ക്കുകൾ ചെറിയ ഗ്രൂപ്പുകളായി തിരിക്കുന്നു. ഗ്രൂപ്പ് പ്രോജക്റ്റുകൾ, സഹകരണ പഠനം (Collaborative Learning), ആർട്ട് & ക്രാഫ്റ്റ് സ്റ്റേഷനുകൾ, ലബോറട്ടറി പ്രവർത്തനങ്ങൾ എന്നിവയ്ക്ക് ഇത് ഏറ്റവും നല്ലതാണ്. പരസ്പര സഹകരണവും ആശയവിനിമയവും പ്രോത്സാഹിപ്പിക്കാൻ ഈ രീതി സഹായിക്കുന്നു.

- പരമ്പരാഗത ഡെസ്ക്കുകൾക്ക് പുറമേ ബീൻ ബാഗുകൾ, ഫ്ലോർ കുഷ്യനുകൾ, സ്റ്റൂളുകൾ, ഉയരം ക്രമീകരിക്കാൻ കഴിയുന്ന കസേരകൾ തുടങ്ങിയ വിവിധ തരം ഇരിപ്പിട ഓപ്ഷനുകൾ നൽകുന്നു. ഇത് പഠിതാക്കൾക്ക് അവരുടെ പഠനരീതിക്ക് അനുയോജ്യമായ സ്ഥലം തിരഞ്ഞെടുക്കാൻ സ്വാതന്ത്ര്യം നൽകുന്നു. സ്വതന്ത്ര വായന, ക്രിയേറ്റീവ് വർക്കുകൾ എന്നിവ ചെയ്യുന്നതിനും, വ്യത്യസ്ത പഠന ശൈലികളെ പിന്തുണയ്ക്കുന്നതിനും ഇത് ഉചിതമാണ്.

## III കെട്ടിടങ്ങളുടെ രൂപകല്പനയിൽ വേണ്ട മാറ്റങ്ങൾ

സാങ്കേതികവിദ്യയുടെ വളർച്ചയും പുതിയ വിദ്യാഭ്യാസ രീതികളും കണക്കിലെടുത്ത്, ഭാവിയിലെ വിദ്യാഭ്യാസ കെട്ടിടങ്ങളുടെ രൂപകല്പനയിൽ മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്. ഒരു പഠിതാവിന് 10 ചതുരശ്രയടിയിൽ കുറയാത്ത സ്ഥലം ഉറപ്പാക്കുന്നരീതിയിൽ ക്ലാസ്മുറികൾ രൂപകല്പന ചെയ്യേണ്ടതുണ്ട്.

- **വഴക്കമുള്ളതും എളുപ്പത്തിൽ മാറ്റം വരുത്താവുന്നതുമായ ഇടങ്ങളായി രൂപകല്പന ചെയ്യണം (Flexible and Adaptable Spaces)**

ക്ലാസ് റൂമുകൾ സ്ഥിരമായ ചതുര രൂപത്തിൽ നിന്ന് മാറി, വിവിധ ആവശ്യങ്ങൾക്കായി മാറ്റിയെടുക്കാൻ കഴിയുന്ന രീതിയിൽ രൂപകല്പന ചെയ്യണം. എളുപ്പത്തിൽ നീക്കാനും അടുക്കിവെക്കാനും കഴിയുന്നതും, ചക്രങ്ങളുള്ളതുമായ കസേരകളും മേശകളും ഉപയോഗിക്കുന്നത് ഇരിപ്പിട ക്രമീകരണങ്ങൾ പെട്ടെന്ന് മാറ്റിയെടുക്കാൻ സഹായിക്കും. ക്ലാസ് മുറികൾക്ക് പുറത്ത്, അനൗപചാരിക കൂടിക്കാഴ്ചകൾക്കും ഗ്രൂപ്പ് ചർച്ചകൾക്കും തുറന്ന പഠനത്തിനും (Open Learning) അവസരം നൽകുന്ന വിശാലമായ 'കോമൺ ഏരിയകൾ' ഉൾപ്പെടുത്തുക.

- **സാങ്കേതികവിദ്യയുടെ സംയോജനം രൂപകല്പനയിൽ പ്രധാനമാണ് (Integration of Technology)**

  ഇന്ററാക്ടീവ് ഡിസ്പ്ലേകൾ (Smart Boards), മികച്ച ശബ്ദ സംവിധാനം, പ്രൊജക്ഷൻ സൗകര്യങ്ങൾ എന്നിവ എല്ലാ ക്ലാസ് മുറികളിലും ലഭ്യമാക്കണം.

- **സുസ്ഥിരതയും പ്രകൃതി സൗഹൃദ രൂപകല്പനയും അനിവാര്യമാണ് (Sustainability and Eco-Friendly Design)**

  പരമാവധി സൂര്യപ്രകാശം ക്ലാസ് മുറികളിലേക്ക് എത്തുന്ന രീതിയിൽ കെട്ടിടം രൂപകല്പന ചെയ്യണം. ഇത് വൈദ്യുതി ഉപഭോഗം കുറയ്ക്കുകയും പഠിതാക്കളുടെ ശ്രദ്ധ വർധിപ്പിക്കുകയും ചെയ്യും. സോളാർ പാനലുകൾ പോലുള്ള പുനരുപയോഗ ഊർജ്ജ സ്രോതസ്സുകൾ ഉപയോഗപ്പെടുത്തണം. ശുദ്ധവായു ഉറപ്പാക്കുന്ന മികച്ച വായുസഞ്ചാര സംവിധാനങ്ങൾ (Ventilation) രൂപകല്പനയിൽ ഉൾപ്പെടുത്തുന്നത് ആരോഗ്യകരമായ അന്തരീക്ഷം സൃഷ്ടിക്കാൻ അത്യാവശ്യമാണ്.

- **സൗകര്യപ്രദമായ പഠനാന്തരീക്ഷം ഉറപ്പാക്കേണ്ടതുണ്ട് (Comfortable Learning Environment)**

  - ശബ്ദ നിയന്ത്രണം (Acoustics): ക്ലാസ് റൂമുകൾ ശബ്ദം പ്രതിഫലിക്കാത്ത രീതിയിൽ രൂപകല്പന ചെയ്യണം, ഇത് പഠനത്തെ തടസ്സപ്പെടുത്തുന്ന മറ്റ് ശബ്ദങ്ങളെ നിയന്ത്രിക്കാൻ സഹായിക്കും.

  - വിവിധതരം പഠന ഇടങ്ങൾ: സാധാരണ ക്ലാസ് മുറികൾക്ക് പുറമെ, ശാന്തമായ വായനാമുറികൾ, ക്രിയേറ്റീവ് ലാബുകൾ, ശാരീരിക പ്രവർത്തനങ്ങൾക്കായുള്ള വിശാലമായ ഇടങ്ങൾ എന്നിവ ഭാവി സ്കൂളുകളുടെ ഭാഗമാകണം.

  - നിലവിലെ ക്ലാസ് മുറികളുടെ സാധാരണ വലുപ്പം വർധിപ്പിച്ച്, ഒരു പഠിതാവിന് കുറഞ്ഞത് 1.2 ചതുരശ്ര മീറ്റർ എന്ന തോതിലെങ്കിലും സ്ഥലം ലഭ്യത ഉറപ്പാക്കുക. 65 പഠിതാക്കളെ ഉൾക്കൊള്ളുന്ന ക്ലാസ് മുറികൾക്ക് ഇത് അനിവാര്യമാണ്.

  - ആവശ്യമുള്ളപ്പോൾ രണ്ട് ക്ലാസ് റൂമുകളെ സംയോജിപ്പിച്ച് ഒരു വലിയ പഠന ഇടമാക്കി മാറ്റാൻ സാധിക്കുന്ന രീതിയിൽ, നീക്കാവുന്ന ഭിത്തികൾ (Movable Walls) ക്ലാസ് മുറികൾക്കിടയിൽ ഉൾപ്പെടുത്തുന്നത് പരിഗണിക്കാവുന്നതാണ്.

  - ക്ലാസ് മുറികൾക്ക് പുറത്തും (വരാന്തകൾ, ഇടനാഴികളുടെ അറ്റങ്ങൾ), ക്യാമ്പസ് ചെറിയ ഗ്രൂപ്പ് ചർച്ചകൾക്കും സ്വയം പഠനത്തിനും (Self-Study) സൗകര്യപ്രദമായ രീതിയിൽ കൗച്ചുകളും ഇരിപ്പിടങ്ങളും ഒരുക്കുക. സ്കൂൾ ഗ്രൗണ്ടുകൾ മുഴുവൻ ക്ലാസ്മുറിയായി പരിഗണിച്ച് സൗകര്യമുള്ള സ്ഥലങ്ങളിൽ ഇരിപ്പിടങ്ങൾ ക്രമീകരിച്ച് ക്ലാസ് ചലനാത്മകമാക്കാം.

## IV മാർഗരേഖാനിർവഹണം

ഈ മാർഗരേഖ ക്ലാസ് മുറികളിൽ പ്രായോഗികമാക്കുന്നതിനായി താഴെ പറയുന്ന വിഷയങ്ങളിൽ ഊന്നൽ നൽകേണ്ടതാണ്:

- അധ്യാപകർക്ക് പുതിയ ഇരിപ്പിട ക്രമീകരണ രീതികളുടെ വിദ്യാഭ്യാസപരമായ പ്രാധാന്യം,

അവ എങ്ങനെ ഫലപ്രദമായി നടപ്പിലാക്കാം, സാഹചര്യമനുസരിച്ച് എങ്ങനെ മാറ്റങ്ങൾ വരുത്താം (Flexibility of Arrangement) എന്നിവയിൽ സമഗ്രമായ പരിശീലനം നൽകേണ്ടതാണ്.

- നിലവിലുള്ള ക്ലാസ് മുറികളിലെ ഭാരം കൂടിയതും, എളുപ്പത്തിൽ മാറ്റാൻ സാധിക്കാത്തതുമായ ഇരിപ്പിടങ്ങൾ ഘട്ടംഘട്ടമായി മാറ്റി, ഭാരം കുറഞ്ഞ, ആവശ്യം വരുമ്പോൾ മാറ്റാൻ കഴിയുന്നതും (Modular) പല ആവശ്യങ്ങൾക്കായി ഉപയോഗിക്കാൻ കഴിയുന്നതുമായ (Multi-utility) മേശകളും കസേരകളും ലഭ്യമാക്കണം.

- ചെറിയ ക്ലാസ് മുറികൾ ഉള്ള സ്കൂളുകളിൽ സ്ഥലത്തിന്റെ പരമാവധി വിനിയോഗം ഉറപ്പാക്കാൻ, ഭിത്തിയിലേക്ക് മടക്കിവെക്കാവുന്ന മേശകൾ (Foldable Desks), സംഭരണ സൗകര്യമുള്ള ഇരിപ്പിടങ്ങൾ (Seating with Storage) തുടങ്ങിയ നൂതനമാർഗങ്ങൾ പരിഗണിക്കാവുന്നതാണ്.

- പ്രീസർവീസ് കോഴ്സുകളിൽ വിദ്യാലയങ്ങളിലെ ക്ലാസ്മുറി ഇരിപ്പിട ക്രമീകരണം പാഠ്യപദ്ധതിയുടെ ഭാഗമാക്കണം.

- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ജനപ്രതിനിധികൾക്കും ഇരിപ്പിട ക്രമീകരണങ്ങളുമായി ബന്ധപ്പെട്ട മാർഗരേഖ പരിചയപ്പെടുത്തുകയും സ്കൂളുകൾക്കുള്ള പിന്തുണ ഉറപ്പാക്കുകയും ചെയ്യണം.

- രക്ഷാകർത്താക്കൾക്കും പൊതുസമൂഹത്തിനും ഇത്തരത്തിലുള്ള മാറ്റങ്ങളുടെ പിന്നിലുള്ള വിദ്യാഭ്യാസപരമായ ലക്ഷ്യങ്ങളെക്കുറിച്ച് അവബോധം നൽകുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുക.

- ഇരിപ്പിട ക്രമീകരണത്തിലെ മാറ്റങ്ങൾ പഠിതാക്കളുടെ പഠനാനുഭവത്തെയും (Learning Experience) മാനസികാരോഗ്യത്തെയും എങ്ങനെ സ്വാധീനിക്കുന്നു എന്ന് മനസ്സിലാക്കാൻ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ നേതൃത്വത്തിൽ നിരീക്ഷണ സമിതികളെ നിയോഗിക്കുകയും, കാലാകാലങ്ങളിൽ പഠനവിലയിരുത്തലുകൾ നടത്തുകയും ചെയ്യണം. ഇതിലൂടെ മാർഗരേഖയ്ക്ക് ആവശ്യമായ തിരുത്തലുകൾ വരുത്താൻ കഴിയും.

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ
പരിശീലന സമിതി (എസ്.സി.ഇ.ആർ.ടി)
വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം 695 012